**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **11-10-2021 - ൽ മറുപടിയ്ക്ക്**

**അണ്ണപ്പാടി അംഗൻവാടി കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കാൻ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ടി തുക മാത്രം വിനിയോഗിച്ച് കെട്ടിട നിർമ്മാണം സാധ്യമാകാത്തതിനാൽ അധികമായി 8 ലക്ഷം രൂപ പഞ്ചായത്ത് PWD യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് പ്രകാരം PWD പ്രസ്തുത പ്രവർത്തിയ്ക്കായി 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുമുണ്ട്. |
| (ബി) | ഇതിൽ പഞ്ചായത്ത് ഫണ്ട് പി.ഡബ്ല്യൂ.ഡി.-യിൽ കെട്ടിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമേ അധികമായി 8 ലക്ഷം രൂപ പഞ്ചായത്ത് PWD യുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (സി) | ബന്ധപ്പെട്ട വകുപ്പ് വിഹിതം ഇതുവരെ നൽകാത്തതുകാരണം പ്രവൃത്തി നാളിതുവരെ ടെണ്ടർ ചെയ്യാൻ പറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. 2013-14 സാമ്പത്തിക വർഷം PWD ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ഓഫിസറായ 4235-02-102-94(P) ശീർഷകത്തിൽ അണ്ണപ്പാടി അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 8 ലക്ഷം രൂപ വകയിരുത്തുകയും കെട്ടിട നിർമ്മാണത്തിന് PWD ചീഫ് എഞ്ചിനീയർക്ക് 05.05.2016 ന് അനുമതി നൽകുകയുമുണ്ടായി. |
| (ഡി) | എങ്കിൽ വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന മേൽ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് വിഹിതം എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന അണ്ണപ്പാടി അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 08.09.2021 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിനു അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ